# ഖുർആൻ വിശ്വാസികളുടെ ശ്രദ്ധക്ക്....!
# ഗവേഷണ വിരുദ്ധരെ സൂക്ഷിക്കുക...!!

ഖുർആനിലെ പ്രാർത്ഥനയെക്കുറിച്ചും, നമസ്ക്കാരത്തെക്കുറിച്ചും, നോമ്പിനെക്കുറിച്ചും, സക്കാത്തിനെക്കുറിച്ചും സ്വലാത്ത് എന്ന പദത്തെക്കുറിച്ചുമൊക്കെ സമഗ്രമായി പഠിക്കുമ്പോൾ, ചേകന്നൂർ മൗലവി എന്ന ആ മഹാപ്രതിഭ നമുക്ക് പഠിപ്പിച്ചുതന്നതിൽ നിന്നുമൊക്കെ, കുറച്ചുകൂടി മുന്നോട്ടു പോകാൻ നാം നിർബന്ധിതരായിത്തീരും. കാരണം സ്വലാത്തിന്ന് ഖുർആനും, അറബിഭാഷയും പഠിച്ചാൽ കിട്ടുന്ന വിശാലമായ നനാർത്ഥങ്ങൾ മറച്ചുവെച്ചു, വെറും കേവലനമസ്ക്കാരം (അഞ്ചുനേരനമസ്ക്കാരം) എന്ന ഒരർത്ഥം മാത്രം ലോകത്തവതരിപ്പിച്ചു, സുന്നത്ത്-ജമാഅത്ത് എന്ന പുരോഹിത മതം നിലനിർത്തുകയാണ് സുന്നികൾ (ഭൂരിപക്ഷം അറബികളും സുന്നി-മുജാഹിദ്-ജമാഅത്തുമൗലവിമാരും) ഇതുവരെ ചെയ്തുപോന്നത്. ചേകന്നൂർ മൗലവി സ്വന്തമായി ഒരു തഫ്സിർ (പരിഭാഷയും വ്യാഖ്യാനവും) എഴുതിയിട്ടില്ല. അവസാന കാലത്ത് തന്റേതായ ഒരു പരിഭാഷയും വ്യാഖ്യാനവും എഴുതാൻ അദ്ദേഹത്തിന്ന് ആഗ്രഹമുണ്ടായിരുന്നുവെങ്കിലും, മതഭീകരവാദികൾ, അദ്ദേഹത്തെ ചതിയിലൂടെ വധിച്ചു കളഞ്ഞു. അതുകൊണ്ടു തന്നെ അദ്ദേഹത്തിന്റേതായ ഒരു തഫ്സീർ (പരിഭാഷയും വ്യാഖ്യാനവും ) പൂർണ്ണമായും കാണാനുള്ള ഭാഗ്യവും നമുക്കുണ്ടായില്ല. അദ്ദേഹം എഴുതിയതും പ്രസംഗിച്ചതും എതിരാളികളെ നിശബ്ദരാക്കിയതുമൊക്കെ പ്രതിഭാഗത്തിന്റെ (സുന്നി വിഭാഗത്തിന്റെ) പരിഭാഷയിൽ നിന്നുള്ള തെളിവുകൾ ഉദ്ധരിച്ചുകൊണ്ടായിരുന്നു. അവർ തന്നെ എഴുതി ലോകത്ത് പ്രചരിപ്പിച്ച ഖുർആൻ പരിഭാഷകൾക്ക് കടകവിരുദ്ധമായി അവർ താങ്ങിനടക്കുന്ന ഹദീസുകളെ വിമർശിച്ചുകൊണ്ടും തകർത്തുകൊണ്ടുമായിരുന്നു. ഒരു വിഷയത്തിൽ സംവാദം നടത്തുമ്പോൾ എതിർകക്ഷികളുടെ ലേഖനങ്ങളിലും പ്രമാണങ്ങളിലും തന്നെ അവർക്കെതിരായ തെളിവുകൾ കാണുമ്പോൾ അത് ഉദ്ധരിക്കുന്നതും പ്രത്യേകം എടുത്തു കാട്ടുന്നതുമൊക്കെ തർക്കശാസ്ത്രത്തിൽ സാധാരണ കണ്ടുവരാറുള്ള നിയമങ്ങളും നടപടിക്രമങ്ങളും തന്ത്രങ്ങളും മാത്രമാണല്ലോ.അതുകൊണ്ടുതന്നെ ചേകന്നൂർ മൗലവിയുടെ ഒരൊറ്റ ഗ്രന്ഥവും അപ്രസക്തമാവുന്നില്ല.

നമസ്ക്കാരത്തിന് (സ്വലാത്തിന്) കേവല നമസ്ക്കാരം, അഞ്ചുനേര നമസ്ക്കാരം, കേവല പ്രാർത്ഥന, മൂന്നുനേര നമസ്ക്കാരം (ശിയാ) എന്നിങ്ങനെയുള്ള അർത്ഥങ്ങൾ മാത്രം കൊടുത്ത സുന്നി-ശിയാ തഫ്സീറുകളിലെ അവസാനത്തെ തഫ്സീറും ഈ ലോകത്തുനിന്നും അപ്രത്യക്ഷമാവുന്നതുവരെ ചേകന്നൂർ മൗലവിയുടെ ഒരു ഗ്രന്ഥവും അപ്രസക്തമാവുകയോ നശിക്കുകയോ ചെയ്യുന്നില്ല. അതുകൊണ്ടു തന്നെ ചേകന്നൂർ മൗലവി തുടങ്ങിവെച്ച ഖുർആനിക ഗവേഷണം ഖുർആൻ സുന്നത്തിലെ പണ്ഡിതന്മാർ തുടർന്നുകൊണ്ടേയിരിക്കണമെന്ന് ഈയുള്ളവൻ വിനീതമായി അപേക്ഷിക്കുന്നു. ഖുർആനിൽ നിന്ന് ധാരാളം കാര്യങ്ങൾ ഇനിയം കണ്ടെത്താനുണ്ടെന്നും അങ്ങനെ പുതുതായി വല്ലതും ഖുർആനിൽ നിന്ന് തെളിഞ്ഞുകിട്ടുകാണെങ്കിൽ അത് സ്വീകരിക്കണമെന്നുമാണ് ചേകന്നൂർ മൗലവി നിരന്തരം നമ്മോട് ആഹ്വാനം ചെയ്തിരുന്നത്. നാലിൽ ഒരു മദ്ഹബിനെ അന്ധമായി അനുകരിക്കണമെന്ന സുന്നിവാദം പോലെ ഖുർആൻ വലിച്ചെറിഞ്ഞുകൊണ്ട് തന്നെ അന്ധമായി അനുകരിക്കണമെന്ന് ചേകന്നൂർ മൗലവി എവിടെയും പറഞ്ഞിട്ടില്ല. എഴുതിയിട്ടുമില്ല. അദ്ദേഹം ഒരു പ്രസംഗത്തിൽ പറയുന്നത് കേൾക്കൂ... ആദ്യകാലത്ത് അഞ്ച് നമസ്കാരം ഉണ്ടെന്നും അത് മൂന്ന് നേരം മതിയെന്നുമായിരുന്നു എന്റെ വാദം. മൂന്ന് നേരം നമസ്ക്കരിക്കുന്ന ശിയാക്കൾ ഇറാനിലും ബഹറൈനിലും ഇറാഖിലും ധാരാളം ഉണ്ട്. അതുകൊണ്ട് അത് സത്യമായിരിക്കാം എന്ന് ഞാൻ കരുതി. ആ ശിയാ സിദ്ധാന്തം ഖുർആനുമായി യോജിക്കുന്നതുകൊണ്ടാണ് ആദ്യകാലത്ത് ഞാൻ അഞ്ചു നമസ്ക്കാരം മൂന്നു മതിയെന്ന് വാദിച്ചത്. പക്ഷെ കൂടതൽ പഠിച്ചപ്പോഴാണ് നമസ്ക്കാരത്തിലും ബാങ്കിലുമൊക്കെ കടന്നുകൂടിയിട്ടുള്ള ഖുർആൻ വിരുദ്ധമായ ധാരാളം അബദ്ധങ്ങൾ എന്റെ ശ്രദ്ധയിൽപെട്ടത്. അപ്പോൾ വീണ്ടും ആ വിഷയത്തിൽ ഞാൻ ഖുർആൻ സമഗ്രമായി പഠിക്കുകയും പരിശോധിക്കുകയും ചെയ്തപ്പോഴാണ് ഖുർആനിന് കടകവിരുദ്ധമായ 30 തെറ്റുകൾ സുന്നി മുസ്ലിംകളുടെ നിത്യപ്രാർത്ഥനയിലുണ്ടെന്നും അത് സമുദായത്തിന്റെ ശ്രദ്ധയിൽപെടുത്തണമെന്നും എനിക്ക് തോന്നിയത്. അങ്ങിനെയാണ് നമസ്ക്കാരത്തെകുറിച്ചും നമസ്ക്കാര സമയത്തെകുറിച്ചും നാല് പുസ്തകങ്ങൾ ഈയുള്ളവൻ രചിച്ചത്. മാത്രമല്ല അബ്ബാസി രാജാക്കന്മാർക്ക് വേണ്ടി സുന്നികളുമായി ഒരു കോംപ്രമൈസ് ( അനുരഞ്ജനം) ചെയ്ത് ശിയാക്കളിലെ പുരോഹിതന്മാരുണ്ടാക്കിയതാണ് അവരുടെ നമസ്ക്കാര രൂപവും സമയവുമെല്ലാം എന്ന് എനിക്ക് മനസ്സിലായി. അതിൽ പിന്നെയാണ് ഖുർആനിൽ നമസ്ക്കാരം (പ്രാർത്ഥന) മൂന്നേയുള്ളു - മൂന്നു നേരമേയുള്ളു എന്ന് ഞാൻ വാദിക്കാനും പ്രചരിപ്പിക്കാനും തുടങ്ങിയത്....

നോക്കൂ.. ചേകന്നൂർ മൗലവിയുടെ ആ ശബ്ദം ഇന്നും നമുക്ക് കേൾക്കാം. ആ പ്രസംഗ കാസറ്റുകൾ ശ്രവിക്കുന്ന ഏതൊരാൾക്കും അത് മനസ്സിലാകും. അതുകൊണ്ട് നാം മുമ്പ് പഠിച്ചുവെച്ചതിനേക്കാൾ ഉത്തമമായ ഒരു പാഠം - ഒരു സിദ്ധാന്തം ഖുർആനിൽ നിന്ന് തെളിഞ്ഞു കിട്ടിയാൽ അത്

പഠിക്കാനും ഉൾക്കൊള്ളാനുമാണ് ചേകന്നൂർ മൗല വി നമ്മോട് ആഹ്വാനം ചെയ്തത്. അതുകൊണ്ട് നമസ്ക്കാരത്തെ കുറിച്ചും (സ്വലാത്തിനെകുറിച്ചും) സക്കാത്തിനെ കുറിച്ചും, നോമ്പിനെകുറിച്ചും, ഹജ്ജിനെകുറിച്ചും പുതിയവിവരങ്ങളും വിശദീകരണങ്ങളും ആശയങ്ങളും ഏതെങ്കിലും ഖുർആൻ പണ്ഡിതനോ അറബിഭാഷാ വിശാരദനോ നമുക്ക് പറഞ്ഞു തന്നാൽ – കാര്യകാരണസഹിതം സമർത്ഥിച്ചു തന്നാൽ – നമുക്കത് ഉൾക്കൊള്ളാൻ പറ്റിയാൽ പഠിക്കുക, ഉൾക്കൊള്ളുക. അല്ലെങ്കിൽ കാര്യകാരണസഹിതം തള്ളിക്കളയുക. അല്ലാതെ സുന്നികളെപോലെ – സുന്നി–മുജാഹിദ്–ജമാഅത്ത് മൗലവിമാരെപ്പോലെ ഗവേഷണം അരുത്, ചിന്തിച്ചത് മതി എന്നു പറഞ്ഞാലൊന്നും അത് വില വെക്കേണ്ട ആവശ്യം യഥാർത്ഥ ഖുർആൻ വിശ്വാസികൾക്കില്ല. അറിവ് തേടിയുള്ള യാത്രയിൽ നാം ഏതറ്റവും വരെ പോവുക. ഞങ്ങൾക്ക് നീ അറിവു വർദ്ധിപ്പിച്ചു തരേണമേ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുക.